പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**211** **18/3/2013** ൽ മറുപടിക്ക്

ആദ്യകാല സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ.പി.എ. മാധവൻ

ശ്രീ. പാലോട് രവി

ശ്രീ. ആർ. സെൽവരാജ്

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ

(വനവും സ്പോർട്സും

സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളത്തിലെ ആദ്യകാല സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം നൽകുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. പഴയകാല സിനിമകളുടെ നെഗറ്റീവുകൾ, ഡിജിറ്റൽ കോപ്പികൾ, ബീറ്റ കോപ്പികൾ, നിശ്ചലദൃശ്യങ്ങൾ, പാട്ടുപുസ്തകങ്ങൾ, ഡിസ്കുകൾ, നോട്ടീസുകൾ തുടങ്ങി സിനിമയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഇതിനായി ശേഖരിക്കുന്നുണ്ട്. ഇവ ഡിജിറ്റലായി സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പഴയ കാലങ്ങളിലെ മലയാള സിനിമകൾ പുതുതലമുറയ്ക്ക് ലഭ്യമാക്കുന്നതിനും പഠന ഗവേഷണങ്ങൾക്ക് ഉപയോഗിക്കുന്നതിനും എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | (ബി) | മലയാള സിനിമകളുടെ വിപുലമായ ആർക്കീവ്സ് സംവിധാനമാണ് വികസിപ്പിക്കുന്നത്. നെഗറ്റീവുകൾ സംരക്ഷിക്കുന്നതിന് മൂന്നാറിൽ ഒരു ഫിലിം ആർക്കീവ്സ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. |
| (സി) | ആരുടെ നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ ; | (സി) | കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയാണ് പദ്ധതിക്ക് നേതൃത്വം നൽകി നടപ്പിലാക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പഴയകാല സിനിമകളുമായി ബന്ധപ്പെട്ട വസ്തുവകകൾ ശേഖരിക്കുന്നതിനായി സ്റ്റുഡിയോകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരോട് അഭ്യർത്ഥിച്ചുകൊണ്ട് പ്രാരംഭ നടപടിയെന്ന നിലയിൽ പത്രവാർത്തകളും കത്തുകളും നല്കിയിട്ടുണ്ട്. മൂന്നാറിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ